**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4402** **19-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിൽ ഭൂമി വാങ്ങാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക ജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതികളിൽ ഏന്തൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | 1.അപേക്ഷകൻ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളായിരിക്കണം.<br><br>2.അപേക്ഷകൻ, ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്ന സാക്ഷ്യപത്രം ഹാജരക്കേണ്ടതാണ്.<br><br>3.പാരമ്പര്യ സ്വത്തായി 3 സെന്റിൽ കൂടുതൽ ഭൂമി കിട്ടാനില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br><br>4.പ്രായപരിധി 60 വയസ്സ്.<br><br>5.വരുമാന പരിധി 50,000/* രൂപ<br><br>6.വകുപ്പിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ സർക്കാർ വകുപ്പകളിൽ നിന്നോ മുൻപ് ഭൂമി വാങ്ങുന്നതിനു ധനസഹായം ലഭിക്കാത്ത കുടുംബമായിരിക്കണം. |
| (ബി) | ഭൂമി ലഭിക്കുന്നതിനായി തൃശ്ശൂർ മണ്ഡലത്തിൽ നിന്നും 2016 മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | ഭൂമി ലഭിക്കുന്നതിനായി തൃശ്ശൂർ മണ്ഡലത്തിൽ നിന്നും 2016-17 മുതൽ 2021-22 വരെ ആകെ 108 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ മുഴവൻ പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ